# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 17**

---

## എം.ജി ബിരുദ ഏകജാലകം; ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആന്റ് സയൻസ് കോളജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദ കോഴ്സുകളിൽ പ്രവേശത്തിനുള്ള ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനിൽ ഫീസ് അടച്ച് താത്കാലിക പ്രവേശനം നേടാം. താത്കാലിക പ്രവേശനത്തിന് കോളജുകളിൽ പോകേണ്ടതില്ല. ഓൺലൈനിൽ ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ ജൂൺ 22ന് മുൻപ് കോളജുകളിലേക്ക് ഇ മെയിൽ ചെയ്ത് താത്കാലിക പ്രവേശനം ഉറപ്പുവരുത്തണം. പ്രവേശനം ഉറപ്പാക്കിയതിന്റെ രേഖയായി കൺഫമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്യണം.

സ്ഥിര പ്രവേശനം നേടുന്നതിന് കോളേജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസ് അടയ്ക്കണം. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കുന്നതിന് ക്രമീകരണമില്ല.

ജൂൺ 22ന് വൈകുന്നേരം നാലിനു മുൻപ് ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം അലോട്ട്മെന്റ് ഉറപ്പാക്കാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും. പ്രവേശനവുമായി ബന്ധപ്പെട്ട് പരാതികൾ സർവകലാശാലയ്ക്ക് നൽകുന്നതിന് കൺഫർമേഷൻ സ്ലിപ്പ് കൈവശം ഉണ്ടായിരിക്കണം.

ജൂൺ 23ന് ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും സൗകര്യമുണ്ടാകും. പുതുതായി ഓപ്ഷനുകൾ ചേർക്കാൻ കഴിയില്ല.

(പി.ആർ.ഒ/39/667/2023)

## വായനാ വാരാചണം

വായനാ വാരാചരണത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലാ ലൈബ്രറി സംഘടിപ്പിക്കുന്ന പരിപാടികൾ ജൂൺ 19 മുതൽ 24 വരെ നടക്കും. ഈ ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് സർവകലാശാലാ ലൈബ്രറി സന്ദർശിക്കാൻ അവസരം നൽകും. ഇതോടനുബന്ധിച്ച് ലൈബ്രറി പ്രവർത്തനങ്ങളിലെ പുതിയ സംവിധാനങ്ങൾ ഗ്രന്ഥശാലാ പ്രവർത്തകർക്ക് പരിചയപ്പെടുത്തുന്നതിനായി താലൂക്ക് തല

ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

കോട്ടയം താലൂക്കിലെ ഗ്രന്ഥശാലാ പ്രവർത്തകർക്കുള്ള ക്ലാസ് ജൂലൈ ഒന്നിന് സർവകലാശാലാ ലൈബ്രറിയിൽ നടക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ താലൂക്ക് ലൈബ്രറി കൗൺസിലുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/668/2023)

## പരീക്ഷാ ഫലം

ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മാർച്ച് -2023(പ്രൈവറ്റ് രജിസ്ട്രേഷൻ, 2020 അഡ്മിഷൻ റെഗുലർ, 2017-2019 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ജൂലൈ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/669/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പ്രോഗ്രാമുകളുടെ വിവിധ പരീക്ഷകൾക്ക് ജൂൺ 27 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂൺ 30ന് പിഴയോടു കൂടിയും ജൂലൈ ഒന്നിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്ന്, നാല് സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം പരീക്ഷയ്ക്ക്(2021 അഡ്മിഷൻ റെഗുലർ) ജൂലൈ മൂന്നു മുതൽ ആറു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി ജൂലൈ ഏഴു മുതൽ പത്തു വരെയും സൂപ്പർ ഫൈനോടു കൂടി ജൂലൈ 11നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/670/2023)

## പരീക്ഷാ തീയതി

എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലും സിപാസിലും രണ്ടാം സെമസ്റ്റർ ബി.എഡ്(ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷ ജൂലൈ 19ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.............

എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലും സിപാസിലും നാലാം സെമസ്റ്റർ ബി.എഡ്(ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി, 2019, 2018 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷ ജൂലൈ 25ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/671/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**